"ഭരണഭാഷ – മാതൃഭാഷ"

**വ്യാവസായിക പരിശീലനവകുപ്പ്**

(കേരളസംസ്ഥാനം)

**ട്രെയിനിംഗ് ഡയറക്ടറേറ്റ്, ലേബർ കോംപ്ലക്സ്, വികാസ് ഭവൻ.പി.ഒ, തിരുവനന്തപുരം**

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

**(നിലവിൽ: ഹസീന.പി.എസ്)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ്- ജീവനക്കാര്യം- വാച്ച്മാൻ തസ്തികയിൽ നിന്നും ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്കുള്ള തസ്തിക മാറ്റം റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

പരാമർശം:- 1.20.10.2022 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
2.അരീക്കോട് ഐ.ടി.ഐ.പ്രിൻസിപ്പാളിന്റെ 16.11.2022 തീയതിയിലെ B/2367/2022 നമ്പർ കത്ത് .
3.ചിത്തിരപുരം ഐ.ടി.ഐ.പ്രിൻസിപ്പാളിന്റെ 24.11.2022 തീയതിയിലെ R1/414/2022 നമ്പർ കത്ത്.
4.രാജാക്കാട് ഐ.ടി.ഐ.പ്രിൻസിപ്പാളിന്റെ 19.12.2022 തീയതിയിലെ R1/887/2022 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ: DT/4711/2022-A9 തീയതി: 12-01-2023**

വ്യാവസായിക പരിശീലന വകുപ്പിൽ വാച്ച്മാൻ തസ്തികയിൽ സേവനത്തിലുള്ള ജീവനക്കാർക്ക് , ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് തസ്തിക മാറ്റം അനുവദിച്ച് പരാമർശം(1) പ്രകാരം ഉത്തരവായിരുന്നു. മേൽ പ്രകാരം തസ്തിക മാറ്റം അനുവദിച്ചതിൽ, ക്രമ നം.15 ആയ ശ്രീ.രതീഷ്.കെ, വാച്ച്മാൻ, ഐ.ടി.ഐ.അരീക്കോട് ന് മാറഞ്ചേരി ഐ.ടി.ഐ യിലേയ്ക്ക് അനുവദിച്ച തസ്തിക മാറ്റം റദ്ദ് ചെയ്യുന്നതിനും, ടിയാനെ അരീക്കോട് ഐ.ടി.ഐ യിൽ വാച്ച്മാൻ തസ്തികയിൽ തുടരാൻ അനുവദിക്കുന്നതിനും പരാമർശം(2) അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. മേൽ അപേക്ഷ പരിഗണിച്ച് , ടിയാന് പരാമർശം(1) പ്രകാരം ടിയാന് അനുവദിച്ച തസ്തിക മാറ്റം റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

കൂടാതെ, ടി ഉത്തരവിൽ ക്രമ നം.10 പ്രകാരം തസ്തിക മാറ്റം അനുവദിച്ച ശ്രീ.കെവിൻ.ഒ.എസ്, വാച്ച്മാൻ, ഐ.ടി.ഐ.രാജാക്കാട് നാളിതുവരെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചിട്ടില്ലായെന്നു പരാമർശം(3) പ്രകാരം ചിത്തിരപുരം ഐ.ടി.ഐ.പ്രിൻസിപ്പാൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാൻ , 01.11.2022 മുതൽ മുൻകൂർ അനുമതി ഇല്ലാതെ ലീവിൽ പ്രവേശിച്ചതായി, പരാമർശം(4) പ്രകാരം രാജാക്കാട് ഐ.ടി.ഐ.പ്രിൻസിപ്പാൾ റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. ടിയാൻ നാളിതുവരെ ചിത്തിരപുരം ഐ.ടി.ഐ യിൽ റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതിനാലും, മുൻകൂർ അനുമതി ഇല്ലാതെ ലീവിൽ തുടരുന്നതിനാലും, പരാമർശം(1) പ്രകാരം ടിയാന് അനുവദിച്ച തസ്തിക മാറ്റം റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

ശ്രീ.രതീഷ്.കെ, വാച്ച്മാൻ, ഐ.ടി.ഐ.അരീക്കോട്, ശ്രീ.കെവിൻ.ഒ.എസ്, വാച്ച്മാൻ, ഐ.ടി.ഐ.രാജാക്കാട് എന്നീ ജീവനക്കാർ തസ്തിക മാറ്റത്തിനായി സമർപ്പിച്ച അപേക്ഷ പരാമർശം(1) പ്രകാരം പരിഗണിച്ചിട്ടുള്ളതിനാൽ , ടി ജീവനക്കാർ തുടർന്നും തസ്തിക മാറ്റത്തിനായി അപേക്ഷ സമർപ്പിക്കുമ്പോൾ , അതാത് ജില്ലകളിൽ നിന്നും തസ്തികമാറ്റത്തിനായി ലഭിക്കുന്ന അപേക്ഷകളുടെ പട്ടികയിൽ ഏറ്റവും ഒടുവിൽ ആയി മാത്രമേ മേൽ ജീവനക്കാരുടെ അപേക്ഷ പരിഗണിക്കുകയുള്ളൂ.

DT/4711/2022-A9

262793/2023

മേൽ ഭേദഗതിയോടെ പരാമർശം(1) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഒപ്പ്)

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്:-

ബന്ധപ്പെട്ട ജീവനക്കാർ

(സ്ഥാപന മേധാവി മുഖേനെ)

പകർപ്പ്:-

1.ബന്ധപ്പെട്ട സ്ഥാപനമേധാവികൾ

2.വകുപ്പ് വെബ്സൈറ്റ്

3.കരുതൽ ഫയൽ (എ9)

//ഉത്തരവിൻ പ്രകാരം//

സീനിയർ സൂപ്രണ്ട്